# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# പീഡകനിൽനിന്ന് പ്രസംഗകനിലേക്ക്


എഴുതിയത്: Edward Hughes
ഉദാഹരണം : Janie Forest
അംഗികരിച്ചത്: Rev. Benny
തർജ്ജിമ ചെയുതത്: Ruth Klassen


കഥ 58-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam



ആദിമസഭയിൽ തന്റെ ജനത്തിലൂടെ ദൈവം വൻകാര്യങ്ങൾ പ്രവർത്തിച്ചു.





ഫിലിപ്പോസ് എന്നു പേരുള്ള ഒരു വ്യക്തി തിരക്കുള്ള ഒരു പട്ടണത്തിൽ യേശുവിനെക്കുറിച്ച് പറയുന്നതിൽ വളരെ വ്യാപൃതനായിരുന്നു. എന്നാൽ ദൈവം അവനെ മരുഭൂമിയിലേക്ക് അയച്ചു. എന്തുകൊണ്ട്?


ഒരു മരുഭൂമിയിലൂടെ
ഒരാൾ പോകുന്നുണ്ടെന്ന്
ദൈവത്തിന്
അറിയാമായിരുന്നു.
എത്യോപ്യരാജ്ഞിയായ
കന്ദക്കയുടെ
ഒരുദ്യോഗസ്ഥനായിരുന്നു
അദ്ദേഹം.
3


അദ്ദേഹം തിരികെ നാട്ടിലേക്ക്
പോകുകയായിരുന്നു. താൻ
ഒരു പ്രത്യേക പുസ്തകം
വായിച്ചുകൊണ്ടിരുന്നു.
ആ പുസ്തകം
ഏതായിരുന്നുവെന്ന്
താങ്കൾക്ക് ഊഹിക്കാമോ?
4


ഫിലിപ്പോസ്
ദൈവത്തെ
അനുസരിച്ചപ്പോൾ,
ദൈവമവനെ നേരെ ആ
ഉദ്യോഗസ്ഥന്റെയടുത്തേക്ക്
നയിച്ചു.
5


വായിക്കുന്നത്
മനസ്സിലാക്കാതെ
അദ്ദേഹം ദൈവവചനം
വായിക്കുകയായിരുന്നു.
6


തന്നോടൊപ്പം
ചേരുവാൻ അദ്ദേഹം
ഫിലിപ്പോസിനെ
ക്ഷണിച്ചു.
7


“ഇതിന്റെ അർത്ഥമെന്താണ്?”
ഈ ഉദ്യോഗസ്ഥൻ
ഫിലിപ്പോസിനോട് ചോദിച്ചു.
രഥം മരുഭൂമിയിലെ വഴിയിലൂടെ
നീങ്ങിക്കൊണ്ടിരുന്നപ്പോൾ
ഫിലിപ്പോസ് തന്റെ വായ് തുറന്നു.
വായിച്ചുകൊണ്ടിരുന്ന ആ
തിരുവചനത്തിൽനിന്ന്
തുടങ്ങി
അദ്ദേഹത്തോട്
യേശുവിനെക്കുറിച്ച്
പ്രസംഗിച്ചു.
8


യേശുക്രിസ്തു
ദൈവത്തിന്റെ പുത്രനാണെന്ന
വേദപുസ്തകത്തിന്റെ സന്ദേശം
ആഫ്രിക്കൻ സ്വദേശിയായ ആ
ഉദ്യോഗസ്ഥൻ ഉടൻതന്നെ വിശ്വസിച്ചു.
9


അല്പം വെള്ളം അവിടെ
കണ്ടപ്പോൾ അദ്ദേഹം
പറഞ്ഞു: ''ഞാൻ സ്നാനം
ഏല്ക്കുന്നതിന് എന്തു തടസ്സം?''
10


അപ്പോൾ ഫിലിപ്പോസ് പറഞ്ഞു:
''താങ്കൾ പൂർണഹൃദയത്തോടെ
വിശ്വസിക്കുന്നുവെങ്കിൽ
ആകാം.''
11


''യേശുക്രിസ്തു ദൈവത്തിന്റെ
പുത്രനെന്ന് ഞാൻ വിശ്വസിക്കുന്നു''
വെന്ന് ഉദ്യോഗസ്ഥൻ പറഞ്ഞപ്പോൾ,
ഫിലിപ്പോസ് അദ്ദേഹത്തെ
വെള്ളത്തിലിറക്കി സ്നാനം
കഴിപ്പിച്ചു.
12


അവർ വെള്ളത്തിൽനിന്ന് കയറിയ ഉടനെ
കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ
എടുത്തുകൊണ്ടുപോയി. ആഫ്രിക്കൻ
ഉദ്യോഗസ്ഥൻ അദ്ദേഹത്തെ പിന്നെ
കണ്ടില്ല. അയാൾ സന്തോഷിച്ചുകൊണ്ട്
എത്യോപ്യക്ക് തിരിച്ചുപോയി!
13


എന്നാൽ കുറെയാളുകൾ ക്രിസ്ത്യാനികളെ വെറുത്തു.
ഫിലിപ്പോസിന്റെ സുഹൃത്തായ സ്തെഫാനോസ്
യേശുവിനെക്കുറിച്ച് സംസാരിക്കുന്നത് ഇഷ്ടപ്പെടാത്ത
കോപാകുലരായ ജനങ്ങൾ അദ്ദേഹത്തെ കൊന്നു.
14


തർസൊസുകാരനായ ശൗൽ എന്നു പേരുള്ള വ്യക്തി
സ്തെഫാനോസിനെ വധിക്കുന്നതിനു സഹായിച്ചിരുന്നു.
ശൗൽ ക്രിസ്ത്യാനികളെയെല്ലാം വെറുത്തു.
15


ക്രിസ്ത്യാനികൾക്കെതിരെ
വധഭീഷണി നിശ്വസിച്ചുകൊണ്ടിരുന്ന
ശൗൽ മഹാപുരോഹിതന്റെ
അടുക്കൽ ചെന്ന് യേശുവിന്റെ
അനുയായികളായ സ്ത്രീകളെയും
പുരുഷന്മാരെയും
അറസ്റ്റുചെയ്യുവാനുള്ള
കത്തുകൾ വാങ്ങി.
16


തർസൊസിലെ പാവം
ശൗൽ! ദൈവത്തിന്റെ
ജനത്തെ പീഡിപ്പിച്ചപ്പോൾ
അവൻ കർത്താവായ
യേശുവിനെ തന്നെയാണ്
പീഡിപ്പിക്കുന്നതെന്ന്
അവന്
അറിയില്ലായിരുന്നു.
ദൈവത്തിന്
പൗലൊസിനെ
തടഞ്ഞേ മതിയാകൂ,
പക്ഷേ, എങ്ങനെ?
17


ദൈവം പൗലൊസിനെ
“അറസ്റ്റുചെയ്തു!” ശൗൽ
ദമസ്കോസിലേക്കുള്ള
വഴിയിലായിരുന്നപ്പോൾ,
ആകാശത്തുനിന്ന് ഒരു
വലിയ പ്രകാശം അവനു
ചുറ്റും മിന്നിച്ചു. ശൗൽ
നിലത്തുവീണു. എന്നിട്ട്
അയാളൊരു ശബ്ദം
കേട്ടു.
18


“അങ്ങ് ആരാകുന്നു കർത്താവേ?” ശൗൽ
ചോദിച്ചു. “നീ പീഡിപ്പിക്കുന്ന യേശുവാണു
ഞാൻ” വിശ്വസിക്കാനാകാതെ
വിറയാർന്ന ശബ്ദത്തിൽ ശൗൽ ചോദിച്ചു;
“കർത്താവേ, ഞാനെന്തുചെയ്യുവാനാണ്
നീ ആഗ്രഹിക്കുന്നത്?”
19


“എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക.
എന്തുചെയ്യണമെന്ന് അവിടെവെച്ച്
നിനക്കു പറഞ്ഞുതരും,”
കർത്താവ് പറഞ്ഞു.
20


ശൗലിനോടൊപ്പം ഉണ്ടായിരുന്നവർ ശബ്ദം കേട്ടുവെങ്കിലും ആരെയും കണ്ടില്ല. ശൗൽ നിലത്തുനിന്ന് എഴുന്നേറ്റു.
21


പക്ഷേ, അവനിപ്പോൾ അന്ധനാണ്. അവർ അവനെ കൈക്കുപിടിച്ച് ദമസ്കോസിലെത്തിച്ചു.
22


ശൗൽ പട്ടണത്തിൽ മൂന്നു ദിവസം കാഴ്ചയില്ലാതെ തിന്നുകയോ കുടിക്കുകയോ ചെയ്യാതെ ഇരുന്നു. ഒരുപക്ഷേ, ദമസ്കോസിലേക്കുള്ള വഴിയിൽവെച്ച് അവനെ കണ്ടുമുട്ടിയ കർത്താവായ യേശുവിനോട് അവൻ പ്രാർത്ഥിക്കുകയായിരുന്നു.
23


ദൈവം എല്ലാം ക്രമീകരിച്ചിരുന്നു. ദമസ്കോസിൽ അനന്യാസ് എന്നു പേരുള്ള ശിഷ്യനുണ്ടായിരുന്നു. ശൗലിനെ സഹായിക്കേണ്ടതിന് ദൈവം അവനെ അയച്ചു. അനന്യാസ് പേടിച്ചുപോയി.
24


എന്നാൽ അദ്ദേഹം ദൈവത്തെ അനുസരിച്ചു. അദ്ദേഹം ശൗലിന്റെ മേൽ കൈവെച്ചപ്പോൾ അവന്റെ അന്ധത മാറി. ശൗൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു.
25


ശൗലിനെ സ്നാനപ്പെടുത്തി. അതിനുശേഷം അവൻ ഭക്ഷിച്ചു. ഭക്ഷണം കഴിച്ചപ്പോൾ അവന് ശക്തി ലഭിച്ചു. ശൗലിന് ബലം ആവശ്യമായിരുന്നു. പ്രധാനപ്പെട്ട ചിലത് അവന് ചെയ്യുവാനുണ്ടായിരുന്നു.
26













പീഡകനിൽനിന്ന് പ്രസംഗകനിലേക്ക്

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

അപ്പൊസ്തല പ്രവൃത്തികൾ 8-9

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു. പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കേണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.